ഭരണ ഭാഷ-മാതൃഭാഷ

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: അനുപമ.റ്റി.വി. IAS)

വിഷയം: വനിത ശിശു വികസന വകുപ്പ്- വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം 'പടവുകൾ' പദ്ധതി- തുക അനുവദിച്ച് ഉത്തരാവാകുന്നു.

പരാമർശം:
1) സ.ഉ (സാധാ) നം. 722/2018/സാനീവ തീയതി 18.12.2018.
2) ഈ കാര്യാലയത്തിലെ 12/08/2021 ലെ WEC2-13083/2021 നമ്പർ സർക്കുലർ.
3) വനിതാ ശിശു വികസന ഡയറക്ടറുടെ 26/03/2022 ലെ ഇതേ നം. ഉത്തരവ്
4) എറണാകുളം DWCDO-യുടെ 15/03/2022 ലെ DWCDO/EKM/A4/1393/21 നമ്പർ കത്ത്.
5) കോട്ടയം DWCDO-യുടെ 15/03/2022 ലെ DWCDO/(K)/D-1044/2021 നമ്പർ കത്ത്.

ഉത്തരവ് നം. WEC2-13083/2021 തീയതി : 18/04/2022

വിധവകളായ സ്ത്രീകളുടെ കുടുംബ ജീവിതത്തിന്റെ നിലവാരം ഉയർത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി ആവിഷ്കരിച്ച വിധവകളുടെ മക്കൾക്കുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതിയാണ് പടവുകൾ. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റ ഭാവി സുരക്ഷിതമാക്കുന്നതിനായി വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിധവകളുടെ മക്കളുടെ റ്റ്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവ നൽകുന്നതിനായി പരാമർശം 1 പ്രകാരം സർക്കാർ അനുമതി ലഭ്യമായതിനെത്തുടർന്ന് 2018-19 മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. തുടർ പദ്ധതി എന്ന നിലയിൽ 2021-22 സാമ്പത്തിക വർഷം ജില്ലാ തലത്തിൽ അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. അപ്രകാരം ലഭിച്ച അപേക്ഷകൾക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് വിവിധ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ അലോട്ട്മെന്റിനായി അപേക്ഷിച്ചിരുന്നു. ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ആദ്യ ഘട്ടമായി തൃശ്ശൂർ, ഇടുക്കി ,എറണാകുളം, കോഴിക്കോട്, കാസർഗോഡ് , കൊല്ലം, പത്തനംതിട്ട , ആലപ്പുഴ , വയനാട് , പാലക്കാട് , തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകൾക്ക് പരാമർശം (3) പ്രകാരം 1,49,89,689/- രൂപ അനുവദിച്ചിട്ടുണ്ട്.

ആയതിന് തുടർച്ചയായി ജില്ലാ തലത്തിൽ ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) മുതൽ

(6) വരെ ചുവടെ വിവരിയ്ക്കുന്ന പ്രകാരം വിവിധ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

എറണാകുളം

| തീയതി | ക്രമ നം. | അപേക്ഷകയുടെ പേരും മേൽ വിലാസവും | വിദ്യാർത്ഥിയുടെ പേര് | ട്യൂഷന് ഫീസ് | ഹോസ്റ്റല് ഫീസ് | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|---|
| 15/03/2022 | 158 | സബിയ സാഹിർ<br>പുലിക്കലക്കത്ത്,<br>മട്ടാഞ്ചേരി.പി.ഒ | സജ്ന.പി.എസ് | 304500 | 42000 | 346500 |
| | ആകെ | | | | | 346500 |

കോട്ടയം

| തീയതി | ക്രമ നം. | അപേക്ഷകയുടെ പേരും മേൽ വിലാസവും | വിദ്യാർത്ഥിയുടെ പേര് | ട്യൂഷൻ ഫീസ് | ഹോസ്റ്റൽ ഫീസ് | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|---|
| 9/2/2022 | 159 | മിനി സുനിൽ<br>വെള്ളാങ്കൽ<br>ആനിക്കാട് ഈസ്റ്റ്<br>പി.ഒ | സുകന്യ സുനിൽ | 72500 | 48000 | 120500 |
| | 160 | ബിന്ദു എൻ. ആർ<br>ചന്ദ്രമംഗലം<br>പുലിയന്നൂർ പി.ഒ | മേഘ സി ആർ | 24100 | 40000 | 64100 |
| | 161 | ജലജ കെ ആർ<br>കുന്നേൽ<br>പരിയാരം പി.ഒ | അഹല്യമോൾ കെ.ഒ | 250000 | 72000 | 322000 |
| | 162 | സീനത്ത് ഇസ്മയിൽ<br>പൈക്കാട്ട്<br>ചേനപ്പാടി പി.ഒ | തസ്ലിമ ഇസ്മയിൽ | 14350 | 0 | 14350 |
| | 163 | പ്രിയംവദ വിനോദ്<br>ഗോവിന്ദ സദനം<br>കുടപ്പലം പി ഒ | ആകാശ് വിനോദ് | 35000 | 0 | 35000 |
| | 164 | സിന്ധു അനിൽ<br>വാഴയിൽ<br>എസ് എച്ച് മൌണ്ട്<br>പി.ഒ | ലക്ഷ്മി അനിൽ | 321000 | 60000 | 381000 |
| | ആകെ | | | | | 936950 |

മേൽ വിവരിച്ച സാഹചര്യത്തിൽ പടവുകൾ പദ്ധതി പ്രകാരം ചുവടെ വിവരിക്കുന്ന ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് 12,83,450/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് അനുവദിക്കുന്ന തുക |
|---|---|---|
| 1 | എറണാകുളം | 346500 |
| 2 | കോട്ടയം | 936950 |
| | ആകെ | 12,83,450 |

ഇതിലേയ്ക്കാവശ്യമായ 12,83,450/- രൂപ (പന്ത്രണ്ട് ലക്ഷത്തി എൺപത്തി മൂവായിരത്തി നാനൂറ്റി അമ്പത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-77-(NP) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

പ്രസ്തുത തുക ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. തുക വിനിയോഗം സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് (ആകെ തുക അനുവദിച്ച് നൽകിയ ഗുണഭോക്താക്കളുടെ എണ്ണം) ഉൾപ്പെടെ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

ജില്ലാ വനിതാ ശിശുവികസന ഓഫീസർ, എറണാകുളം, കോട്ടയം

<u>പകർപ്പ്</u>

1.സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന് വേണ്ടി)
2.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്